16-04-2023

**SUNDAY** **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**


Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–16/04/2023.

1. നെല്ല് സംഭരണ പ്രക്രിയ നേരിടുന്ന പ്രശ്നങ്ങളും, മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും കർഷകർക്കും മില്ലുകാർക്കും പൊതുജനങ്ങൾക്കും നിർദ്ദേശിക്കാം. ഡോ. വി കെ ബേബി ഐഎഎസ് അധ്യക്ഷനായുള്ള നെല്ല് സംഭരണ സമിതിയുടെ രണ്ടാമത്തെ യോഗത്തിലാണ് തീരുമാനം. നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ട വിലാസം: കൃഷി (WTO സെൽ) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 695001. നിർദ്ദേശങ്ങൾ ecrpaddyproc2023@gmail.com എന്ന ഇ-മെയിലിലേക്കും അയയ്ക്കാവുന്നതാണ്. നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 17 (17.04.2023) ആണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ **0471– 2517169** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കാർഷിക വിളകളുടെ വൈവിധ്യവും കർഷകരുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി, കേരളത്തിലെ കർഷക സമൂഹങ്ങളുടെ പരമ്പരാഗത വിളയിനങ്ങളിൻമേലുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള കേന്ദ്രമായി കേരള കാർഷിക സർവകലാശാലയെ അംഗീകരിച്ചു. 2001 ലെ പി പി വി എഫ് ആർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട വിളയിനങ്ങളുടെ വികസനത്തിൽ ഗണ്യമായ സംഭാവന നൽകിയിട്ടുള്ള കേരളത്തിലെ കർഷക സമൂഹങ്ങൾക്ക് നഷ്ട പരിഹാരം ലഭിക്കുന്നതിനായുള്ള അവകാശം ഫയൽ ചെയ്യുന്നതിനായി വ്യക്തികൾക്കോ സംഘടനകൾക്കോ കേരള കാർഷിക സർവകലാശാലയെ സമീപിക്കാവുന്നതാണ്. ഇതിനായി കർഷകർ ഫീസ് ഒടുക്കേണ്ടതില്ല. വയൽ വിളകൾ, പച്ചക്കറികൾ, ഫലവർഗ വിളകൾ, വൃക്ഷങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പ വിളകൾ, തോട്ട വിളകൾ എന്നിവയെ സംബന്ധിച്ച അവകാശങ്ങൾ കേരള കാർഷിക സർവകലാശാല പരിഗണിക്കുകയും അതോറിറ്റിക്കു പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യും എന്ന് കേന്ദ്രസർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ വ്യക്തമാക്കി. കേരളത്തത്തിന്റെ പരമ്പരാഗത ഇനങ്ങൾ സംരക്ഷിക്കുന്നതിന് കേരള കാർഷിക സർവകലാശാലയ്ക്കു ലഭിച്ച പ്രസ്തുത പദവി ഏറെ സഹായകമാകും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (കെപ്കോയിൽ) ഫിനാൻസ് മാനേജരുടേയും, മാർക്കറ്റിംഗ് മാനേജരുടേയും ഓരോ സ്ഥിരം ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരിയ്ക്കുന്നു. യോഗ്യത, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിഞ്ജാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി **www.kepco.co.in & www.kepconews.blogspot.com** വെബ് പോർട്ടൽ സന്ദർശിക്കുക. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡേറ്റാ സഹിതം 24-04-2023, 04 മണിയ്ക്ക് മുൻപായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്, റ്റി.സി. 30/697, പേട്ട, തിരുവനന്തപുരം-695024' എന്ന മേൽവിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് 2023 ഏപ്രിൽ 26 മുതൽ 28 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**വിള പരിപാലന നിർദ്ദേശങ്ങൾ**

ചൂടുകൂടിയ അന്തരീഷസ്ഥിതി തുടരുന്നകാരണം വാഴയിൽ മണ്ഡരി രോഗം കാണാൻ സാധ്യതയുണ്ട്. ഇതിനെ പ്രതിരോധിക്കാനായി 3 ഗ്രാം വെറ്റബിൾ സൾഫർ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക.

വാഴയിൽ മാണ അഴുകലിന് സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 3 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ച് കൊടുക്കുക. അല്ലെങ്കിൽ ബ്ലീച്ചിങ് പൗഡർ 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ വാഴയുടെ ചുറ്റിലും ഒഴിച്ച് കൊടുക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രോഗം കൂടിവരുന്ന സാഹചര്യത്തിൽ കോപ്പർ ഹൈഡ്രോക്സൈഡ് 2 ഗ്രാം 1 ലിറ്റർ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം / ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിക്കുക.

മുളകിൽ ഇലപ്പേനിന്റെ ആക്രമണം കണ്ടാൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ തളിക്കുക. അല്ലെങ്കിൽ 2 ഗ്രാം തയോമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

വേനൽ മഴ ലഭിച്ച സ്ഥലങ്ങളിൽ ചേമ്പ്, ചേന, കാച്ചിൽ മുതലായ കിഴങ്ങുവർഗ്ഗങ്ങൾ നടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം